DESPATCHED
On..05/03/2020
14.2.20

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 237(2)/2014**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം. 2824/എസ്.ഐ.സി-ജി 6/2014)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

**ശ്രീമതി.അനിജയ ഷിബു**
**തട്ടാരുതണ്ടിയിൽ വീട്**
**വെള്ളന്നഡക്കത, ചൂലൂർ പി.ഒ**
**കോഴിക്കോട്-673601** } **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**ഹെൽത്ത് ആന്റ് എഫ്.ഡബ്ല്യൂ.ഡിപ്പാർട്ട്മെന്റ്**
**സെക്രട്ടറിയറ്റ്, തിരുവനന്തപുരം** } **എതിർകക്ഷി**

## ഉത്തരവ്

പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ വ്യക്തമായ മറുപടി കിട്ടിയിട്ടില്ല എന്നും ആയതിനാൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നുമാണ്.

2. 23.01.2019 നും, 27.04.2019 നും കമ്മിഷൻ മുമ്പാകെ ഹിയറിംഗിന് ഹാജരാകാത്തതിന് 18.07.2019 ന് എസ്.പി.ഐ.ഒയ്ക്ക് ഷോക്കോസ് അയയ്ക്കുകയും, ആയതിനും ഹാജരാകത്തതിന് വിശദീകരണം

രേഖപ്പെടുത്താൻ 10.10.2019ൽ കമ്മീഷൻ ആസ്ഥാനത്ത് എല്ലാ രേഖകളും ഉൾപ്പെടെ ഹാജരാകുവാൻ സമൻ ചെയ്യുകയും, എസ്.പി.ഐ.ഒ ഹാജരാകുകയും കാരണം ബോധിപ്പിക്കുകയും, സമർപ്പിച്ച റിപ്പോർട്ടിൽ, ഹർജിക്കാരി 26.12.2013 ൽ നൽകിയ അപേക്ഷ 29.01.2014 ൽ ലഭിച്ചതായി ഓഫീസ് രജിസ്റ്ററിൽ ഉണ്ടെന്നു കണ്ടെത്തിയെങ്കിലും ഫയൽ കണ്ടുപിടിക്കാൻ സാധിച്ചില്ലെന്നും, 27.04.2019 ൽ ഹിയറിംഗിൽ മറുപടി നൽകാൻ സാധിക്കാത്തതിനാൽ 26.04.2019 ലെ കത്ത് മുഖേന അധിക സമയം ചോദിച്ചതിൽ അനുവദിച്ചു കിട്ടിയെങ്കിലും വിശദമായ തിരച്ചിലിലും ആയത് കണ്ടെത്താനായില്ലെന്നും ബോധിപ്പിച്ചു. 10.05.2019 ന് അപ്പീൽ അതോറിറ്റി ഹർജിക്കാരിക്ക് വിവരാവകാശ അപേക്ഷയുടെ മറുപടി ടി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ചേർത്ത് നൽകുകയുണ്ടായിയെന്നും, ടി ഓഫീസിൽ നിന്നും നൽകിയ കത്തുകളുടെയും, രജിസ്റ്ററിന്റെ പകർപ്പും കമ്മീഷൻ മുമ്പാകെ ഹാജരാക്കുകയും ചെയ്തു.

3. പരാതി ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും. ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിനായി ടി ഫയൽ കണ്ടെത്തുന്നതിൽ മനപൂർവ്വമായ വീഴ്ച വരുത്തിയിട്ടില്ലെന്നും, ഫയൽ ലഭ്യമാകാത്തതിനാലാണ് മറുപടി നൽകാത്തതെന്ന് വിലയിരുത്തിയ കമ്മീഷൻ ടി പരാതി ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഇന്നേദിവസം 2020 ജനുവരി 14-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

STATE INFORMATION COMMISSION
KERALA THIRUVANANTHAPURAM

ജോയിന്റ് സെക്രട്ടറി (ഫിനാൻസ്)



res